# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.6)1731/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 02/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.6)1731/22 തീയ്യതി: 02/12/2022

## എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-09-2022 | 22-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-09-2022 | 22-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസിയ ബീവി ജെ,ഓഡിറ്റ് ഓഫീസർ
ശ്രീ ഹരീഷ്ബാബു എൻ,അസിസ്റ്റന്റ് ഓഫീസർ
ശ്രീമതി കവിത എസ് കണ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ നബീൽ മുഹമ്മദ് അബ്ബാസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിജു തോമസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി സമീന ബി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ലിജോ ജോൺ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 14-07-2021 |
| ശ്രീമതി സുനിത എസ് | അസിസ്റ്റന്റ് സെക്രട്ടറി | 15-07-2021 | 31-03-2022 |
| ഡോ സീനാ എൻ എസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കീച്ചേരി | 01-04-2021 | 31-03-2022 |
| ഡോ സന്ധ്യമോൾ കെ ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ ശ്രീകാന്ത് ശ്രീധർ | വി ഇ ഒ, ആമ്പല്ലൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രസീന പി | വി ഇ ഒ, കുലയേറ്റിക്കര സർക്കിൾ | 01-04-2021 | 06-08-2021 |
| ശ്രീ ശ്രീകാന്ത് ശ്രീധർ | വി ഇ ഒ, കുലയേറ്റിക്കര സർക്കിൾ(ചാർജ്ജ്) | 07-08-2021 | 31-03-2022 |
| ശ്രീ ജോർജ് ഇ യു | ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.എസ് കാഞ്ഞിരമറ്റം | 01-04-2021 | 31-03-2022 |
| ശ്രീമതി ജയ കെ ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 05-09-2021 |
| ശ്രീമതി ദിവ്യ എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 06-09-2021 | 31-03-2022 |
| ശ്രീമതി സ്മിത കെ ബി | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജീന ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി ആതിര കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീമതി ആരിഫ ടി എം | കൃഷി ഓഫീസർ | 01-04-2021 | 21-10-2021 |
| ശ്രീമതി ഡോവ്‌ലിൻ പീറ്റേഴ്സ് | കൃഷി ഓഫീസർ | 22-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ജോജി യേശുദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | FTEAOS ലൈസ**ൻ**സ്- അപാകതക**ൾ** | 1-11 |
| 13 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി സർക്കാർ വിഭാവനം ചെയ്യുന്ന നിരക്കിൽ ധനസഹായം നൽകുന്നില്ല. | 1-12 |
| 14 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവിനു വിരുദ്ധം | 1-13 |
| 15 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. | 1-14 |
| 16 | മരണപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു | 1-15 |
| 17 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ -കൈകാര്യചെലവ് ലഭ്യമായില്ല | 1-16 |
| 18 | സ്ട്രെങ്ങ്തനിംഗ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ് പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-17 |
| 19 | ഡയാലിസിസ് പദ്ധതി- വിഹിതം കൈമാറിയതിൽ അപാകത | 1-18 |
| 20 | മരുന്ന് പൂർണമായി ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു | 1-19 |
| 21 | സാന്ത്വന പരിചരണം (പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ) | 1-20 |
| 22 | പാലിയേറ്റീവ് വാഹനം | 1-20-1 |
| 23 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി | 1-20-2 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(ഐ.കെ.എം) | 1-21 |
| 25 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(കേരളാ വാട്ട**ർ** അതോറിട്ടി) | 1-22 |
| 26 | വിവിധ വാർഡുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കൽ-ആദായ നികുതി | 1-23 |

| | | |
|---|---|---|
| | ഈടാക്കിയതിലെ കുറവ് | |
| 27 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - ബാക്കി തുക തിരിച്ചടക്കേണ്ടതാണ്. | 1-24 |
| 28 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം -സാമ്പിൾ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല | 1-25 |
| 29 | ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് | 1-26 |
| 30 | ലൈഫ് പദ്ധതി | 1-27 |
| 31 | ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക തിരിച്ചടച്ചതിന്റെ വിവരം | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 18.02.2021 തീരുമാനം 1(1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയുണ്ടായി. തുടർന്ന് 28.02.2022 ൽ 6-ാം തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 193653116.00 | 81461533.00 |
| ചെലവ് | 191007437.00 | 77392539.00 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 13.06.2022 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

#### 1-2-1 വാർഷികകണക്കിലെ അപാകതകൾ

1) വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂളിൽ 460100103 എന്ന ഹെഡിൽ 10000/-രൂപയും(പ്രളയത്തിന്റെ ഭാഗമായി DDPയ്ക്ക് നൽകിയത്), കേരള വാട്ടർ അതോറിറ്റിയിൽ 7068609/-രൂപയും, 460509901 എന്ന ഹെഡിൽ 1978221/-രൂപയും മുൻകൂർ നൽകിയ തുകകളാണ്. എന്നാൽ നാളിതു വരെയും ഈ തുകകൾ ക്രമീകരിച്ചിട്ടില്ല.

2) സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ബാക്കിയായ തുകകൾ തിരിച്ചടച്ചിട്ടില്ല.(B-4 ഷെഡ്യൂൾ)

3) ഗുണഭോക്തൃ വിഹിതമിനത്തിൽ 18808/-രൂപ ചെലവഴിക്കാതെ B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4) വാർഷിക കണക്കിലെ എല്ലാ തുകകളും അടുത്ത രൂപയിലേക്ക് റൗണ്ട് ചെയ്തിട്ടില്ല.(ചട്ടം 62.4)

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.08/17.09.2022)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് വിശദീകരിക്കുകയുണ്ടായി. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15043654.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 81461533.00 |
| ആകെ | 96505187.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 77392539.00 |
| നീക്കിയിരിപ്പ് | 19112648.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4506505.00 |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് /ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 12897156 | 12897156 | 12326262* | 570894 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട്-എസ്.സി.പി | 0 | 6303346 | 6303346 | 6004698 | 298648 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -Untied** | 0 | 2881962 | 2881962 | 2626067.40 | 255894.60 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) *** | 0 | 4255000 | 4255000 | 2875732 | 1379268 |
| മെയിന്റനൻസ്, റോഡ് | 0 | 16120900 | 16120900 | 8709617 | 7411283 |
| മെയിന്റനൻസ് - റോഡിതരം | 0 | 5277312 | 5277312 | 3526157 | 1751155 |
| ഐ.സി.ഡി.എസ് | 1355042 | 1006943 | 2361985 | 580043 | 1781942 |
| സമ്പൂർണ്ണ ശുചിത്വം | 26410 | 794 | 27204 | 0 | 27204 |
| ശുചിത്വ മിഷൻ | 764715 | 160000 | 924715 | 160000 | 764715 |
| എസ്.എസ്.എ | 30200 | 0 | 30200 | 0 | 30200 |
| ബഡ്സ് (320300199) | 227289 | 11820 | 239109 | 209145 | 29964 |
| പെർഫോമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ്(ശുചിത്വ മിഷൻ) | 1759470 | 0 | 1759470 | 1625343 | 134127 |
| സി.എസ്.ആർ ഫണ്ട് | 2446907 | 113338 | 2560245 | 348941 | 2211304 |

*ജി.ഒ.പ്രൊജക്ട് – 3045067/-രൂപ
1) 222/22, 224/22, 247/22, 262/22, 263/22 : 1818667/- രൂപ (ലൈഫ് മിഷൻ വായ്പ)
2) 221/22, 223/22, 246/22 : 1226400/-രൂപ (408800 X 3) (അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുക)

**ഈ തുകയിൽ പലിശയിനത്തിൽ ലഭിച്ച 44962/- രൂപ ഉൾപ്പെട്ടിട്ടുണ്ട്.

***ACR പ്രകാരമുള്ള നീക്കിയിരിപ്പ് (CFC ടൈഡ്, അൺടൈഡ് ഫണ്ടുകൾ) 1635162.60 രൂപയാണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 963705/-രൂപയാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 112604289 | 157 | 61778431 | 15 | 26 | 79.29% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3629 | 585390 | 589019 | 588701 | 318 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 32569299 | 32569299 | 32569299 | 0 |
| ആകെ | 3629 | 33154689 | 33158318 | 33158000 | 318 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23640 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 10418500 | 727 |
| വിധവാപെൻഷൻ | 14658700 | 958 |
| വാർദ്ധക്യകാലപെൻഷൻ | 31267200 | 2227 |
| വികലാംഗപെൻഷൻ | 4378200 | 228 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 754800 | 52 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2022 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25542/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നീ നിർദ്ദേശങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 26 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 -ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ട്.

<u>കൺട്രോൾ ഓവർ അക്കൗണ്ട്</u>

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാനുവൽ പ്രകാരമുള്ള മാറ്റങ്ങൾ പഞ്ചായത്ത് ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ പഞ്ചായത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. കൃത്യമായും സമയബന്ധിതമായും അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി പഞ്ചായത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോഗസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖകളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

ബജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിന്റെ എല്ലാ ബാങ്ക് /

ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ക്യാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെയ്ക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്.

ഡി.സി.ബി. വരവുകളിന്മേലുള്ള നിയന്ത്രണം

ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ ക്യാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

പെർമിറ്റുകൾ ഇഷ്യൂ ചെയ്യുന്നതിൽ കാലതാസം

പെർമിറ്റുകൾ സമയ ബന്ധിതമായി ഇഷ്യൂ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.03.2018 | 2012-13 മുതൽ 2016-17 വരെ | 01.05.2018 |
| ,, | 01.09.2022 മുതൽ 30.09.2022 വരെ | 2017-18 മുതൽ 2021-22 വരെ | ഇല്ല |

1-11 FTEAOS ലൈസൻസ്- അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 7, 18, 20, 21 എന്നീ ചട്ടങ്ങൾ പ്രകാരം പ്രസിഡന്റ് നൽകുന്ന ഏതൊരു ലൈസൻസിനും II,III,IV എന്നീ പട്ടികകളിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത നിരക്കിലുള്ള തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. മേൽ ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് അപേക്ഷകരിൽ നിന്ന് ചട്ടം 7 പ്രകാരമുള്ള ഫീസും കൂടാതെ ബാധകമായവയിൽ നിന്ന് ചട്ടം 17, ചട്ടം 18, ചട്ടം 20, ചട്ടം 21 എന്നിവ പ്രകാരമുള്ള പരമാവധിയിൽ കവിയാൻ പാടില്ലാത്ത ഫീസും ഈടാക്കുന്നതിനായി ലൈസൻസ് ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് 19.09.2022- ൽ നൽകിയ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടിയിൽ 12.02.2018 തീയതിയിൽ 19/1 കമ്മറ്റി തീരുമാന പ്രകാരം വാർഷിക ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിരുന്നത് മാറ്റി മൂലധന ചെലവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് വിലയിരുത്തിട്ടുള്ളതാണെന്നും പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലുള്ളതും ഉച്ചമായ മൂലധന ചെലവ് ഉള്ളതുമായ സ്ഥാപനങ്ങൾക്ക് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 500/-രൂപയിൽ താഴെ അനുയോജ്യമായ രീതിയിൽ ഈടാക്കാവുന്നതുമാണെന്നും, നാളിതുവരെ ലൈസൻസ് ഫീസ് നിരക്കുകളുടെ പ്രത്യേകം സ്ലാബ്ബ് തയ്യാറാക്കി കമ്മറ്റിയിൽ തീരുമാനമെടുത്തിരുന്നില്ല. എന്നാൽ അടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ തന്നെ ലൈസൻസ് ഫീസ് നിരക്കുകളുടെ സ്ലാബ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതാണെന്നും ശേഷമുള്ള അപേക്ഷകളിൽ ഇപ്രകാരമുള്ള സ്ലാബിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടക്കുന്നതാണെന്നും അറിയിച്ചു.

ആയതിനാൽ മേൽ ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് അപേക്ഷകരിൽ നിന്ന് ചട്ടം 7 പ്രകാരമുള്ള ഫീസും, കൂടാതെ ബാധകമായവയിൽ നിന്ന് ചട്ടം 17, ചട്ടം 18, ചട്ടം 20, ചട്ടം 21 എന്നിവ മുഖാന്തിരം പരമാവധിയിൽ കവിയാൻ പാടില്ലാത്ത ഫീസും ഈടാക്കുന്നതിനായി ലൈസൻസ് ഫീസ് നിരക്കുകൾ നിശ്ചയിക്കേണ്ടതും ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതുമാണ്. കൂടാതെ ലൈസൻസ് അപേക്ഷകരിൽ നിന്ന് ചട്ട പ്രകാരമുള്ള ഫീസ് കൃത്യമായി ഈടാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി സർക്കാർ വിഭാവനം ചെയ്യുന്ന നിരക്കിൽ ധനസഹായം നൽകുന്നില്ല.

സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം പൂർണ്ണമായ തോതിൽ നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
(1) ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി.

പ്രൊജക്ട് നം : 17/22

ചെലവഴിച്ച തുക :7,05,460/- രൂപ (3,30,860/- – വികസന ഫണ്ട്, 3,00,000/– ബ്ലോക്ക് വിഹിതം, 74,600/- ജില്ലാ പഞ്ചായത്ത് വിഹിതം).

കാഞ്ഞിരമറ്റം ക്ഷീരോത്പാദക സഹകരണ സംഘം, ആമ്പല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം, അരയൻകാവ് ക്ഷീരോത്പാദക സഹകരണ സംഘം എന്നീ 3 ക്ഷീരസംഘങ്ങളിലെ ക്ഷീരകർഷകർക്കാണ് സബ്സിഡി നൽകിയിരിക്കുന്നത്. 3 സംഘങ്ങൾക്കും 2021ഏപ്രിൽ മുതൽ ആഗസ്റ്റ് മാസം വരെയുള്ള 5 മാസകാലയളവ് കണക്കാക്കിയാണ് തുക നല്കിയിരിക്കുന്നത്.

പാലിന് ലിറ്ററിന് 3 രൂപ എന്ന കണക്കിൽ സബ്സിഡി നൽകാൻ കഴിഞ്ഞിട്ടില്ല. ഒരു സാമ്പത്തിക വർഷം ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നൽകുന്ന പാലളവിന് ലിറ്ററിന് 3 രൂപ എന്ന കണക്കിൽ സബ്സിഡി നല്കണമെന്നിരിക്കെ വളരെ കുറച്ചുകാലയളവിൽ നാമമാത്രമായ തുകയാണ് സബ്സിഡിയായി ക്ഷീര കർഷകർക്ക് ലഭിച്ചിട്ടുള്ളത്.
മൃഗസംരക്ഷണവും ക്ഷീര വികസനവും എന്ന വർക്കിംഗ് ഗ്രൂപ്പാണ് പ്രസ്തുത പദ്ധതി മോണിട്ടർ ചെയ്യേണ്ടത്. മേൽ വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിലുള്ള മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.ചെലവ് അധികമായതിനാൽ ക്ഷീരകർഷകർക്ക് തങ്ങളുടെ മേഖലയിൽ പിടിച്ച് നിൽക്കുന്നതിനാണ് ഇത്തരത്തിലുള്ള സബ്സിഡി നൽകുന്നത്. 3 രൂപയും ഡയറി ഡിപ്പാർട്ട്മെന്റ് നേരിട്ട് നൽകുന്ന ഒരു രൂപയും അടക്കം 4 രൂപയാണ് ആകെ സബ്സിഡി. വരും വർഷങ്ങളിൽ യഥാർത്ഥ വാർഷിക ഉത്പാദനം കണക്കിലെടുത്ത് മതിയായ തുക ക്ഷീര കർഷകർക്ക് ലഭ്യമാക്കി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവിനു വിരുദ്ധം

2021-22 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് ജീവനക്കാർ താഴെ പറയുന്ന സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റിയിട്ടുണ്ട്. ഉത്തരവുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാല, പൊതുമേഖലാ,

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം അടുത്ത 3 മാസത്തേക്ക് മാറ്റി വെച്ച് കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 16.04.2020 മുതൽ 3 മാസത്തേക്ക് ഈ അവകാശം മാറ്റിവെക്കുന്നു എന്നായിരുന്നു സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നത്. 27.04.2020-ലെ GO(P) No. 49/2020/Fin. പ്രകാരം താൽക്കാലിക ജീവനക്കാരെക്കൂടി മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

1) 17.07.2020-ലെ GO(P) No. 94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ ഉത്തരവ് പ്രകാരമുള്ള കാലാവധി 15.09.2020 വരെ വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

2) മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവമ്പർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

3) എന്നാൽ, ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റാനുള്ള അവകാശം 01.06.2021 മുതല്6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് വീണ്ടും GO(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

4) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം, 2020-21 സാമ്പത്തിക വർഷത്തിൽ പണമാക്കി മാറ്റുന്നതിനുള്ള ആർജിതാവധി സറണ്ടർ ആനുകൂല്യം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന 6 ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൗച്ചർ നം& തീയതി |
|---|---|---|---|---|
| 1 | സമീന ബി. | സെക്രട്ടറി | 83694/- | 22100240 /7.6.21 |
| 2 | ലിജോ ജോൺ | അസി.സെക്രട്ടറി | 69042/- | 22100241 /7.6.21 |
| 3 | കെ.എൻ.രാജേഷ് കുമാർ. | അക്കൗണ്ടന്റ് | 55722/- | - |
| 4 | ഷിജി ജി.നായർ | സീനി.ക്ളാർക്ക് | 49395/- | - |
| 5 | ഹരികൃഷ്ണൻ എസ്.ഡി. | ക്ളാർക്ക് | 43623/- | - |
| 6 | ഗ്ളോബിയ വി.ബി. | ക്ളാർക്ക് | 34521/- | - |
| | | ആകെ | 335997/- | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി മാറ്റി 335997/-രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22-ലെ ആർജ്ജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക കൈപ്പറ്റിയതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/18-9-22)ലഭ്യമാക്കിയ മറുപടിയിൽ ആർജ്ജിതാവധി സറണ്ടർ ചെയ്ത സമയത്ത് ആയത് അനുവദനീയമല്ല എന്നുള്ള സർക്കാർ ഉത്തരവുകൾ ഒന്നും നിലവിൽ ഉണ്ടായിരുന്നില്ല എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. ലീവ് സറണ്ടർ ആനുകൂല്യം പുനഃസ്ഥാപിച്ചുകൊണ്ടുള്ള ഉത്തരവ് ഇല്ലാത്ത സാഹചര്യത്തിൽ ഈ മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി നൽകിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നതിന് വിധേയമായി ചെലവ് തുക 335997/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് | 239/22<br>സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ,<br>കുലയറ്റിക്കര സർക്കിൾ |
| അടങ്കൽ | 205000/-<br>204900-ധനകാര്യ കമ്മീഷൻ അവാർഡ്<br>100-തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | 142900/-<br>ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽ നം. | 585/24.03.22 |

ജി ഒ (ആർ ടി) നം 2307/2021/എൽ എസ് ജി ഡി തീയതി 18.11.2021 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം ഫണ്ട്(സാധാരണവിഹിതം), പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനുമുള്ള പ്രൊജക്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിനായി പ്രൊജക്ട് ഏറ്റെടുക്കുന്നതിന് ആദ്യ ഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ ആമ്പല്ലൂർ പഞ്ചായത്തും ഉൾപ്പെട്ടിരുന്നു. പദ്ധതിയിലേയ്ക്ക് പഞ്ചായത്ത് തുക വകയിരുത്തിയത് ഇപ്രകാരമാണ്.

| കെൽട്രോണിന് സർവ്വീസ് ചാർജ് | QR കോഡ് തുക | SMS തുക | ലാപ്ടോപ്പ് മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 135700 | 12100 | 7200 | 50000 | 205000 |

2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെൽട്രോണിന് സർവ്വീസ് ചാർജ് ഇനത്തിൽ 135700/-രൂപയും SMS തുക ഇനത്തിൽ 7200/-രൂപയും ഉൾപ്പെടെ ആകെ 142900/-രൂപ നൽകിയിട്ടുണ്ട്. കെൽട്രോണുമായുള്ള കരാർ അനുസരിച്ച് (തീയതി-24.03.22) സോഫ്റ്റ്‌വെയർ കോൺഫിഗറേഷൻ, ഹരിതസേനാംഗങ്ങൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും ട്രെയിനിംഗ്, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം എന്നിവയാണ് കെൽട്രോൺ നൽകുന്ന ആറ് മാസത്തെ സർവീസ് എന്ന ഘടകത്തിൽ ഉൾപ്പെടുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനും പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കുവാനും ആവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-11/17.09.22 )ലഭ്യമായ മറുപടി താഴെച്ചേർക്കുന്നു.

കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള ഹരിതമിത്രം ആപ്ലിക്കേഷന്റെ മൂന്ന് ഘട്ട പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും ആപ്ലിക്കേഷൻ പ്രവർത്തനം സ്കാൻ ചെയ്യുന്നതിന് വേണ്ടിയുള്ള 5000എണ്ണം ക്യൂആർ കോഡ് ലഭ്യമായത് പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വാർഡ് 5-ലെ 96 വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ആപ്ലിക്കേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ്ടോപ്പും ഹരിതകർമ്മ സേനാംഗങ്ങൾക്കുള്ള സ്മാർട്ട് ഫോണും കെൽട്രോണിൽ നിന്നും ലഭിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിനൊപ്പം തദ്ദേശസ്ഥാപനങ്ങളും ശുചിത്വ മിഷനും നവകേരളമിഷനും സംയോജിച്ച് കൊണ്ട് മാലിന്യപരിപാലന സംവിധാനം മെച്ചപ്പെടുത്തുവാൻ ആവിഷ്കരിച്ച പദ്ധതിയാണിത്. ഓൺലൈനിലും ഓഫ്‌ലൈനിലും പ്രവർത്തിക്കുമെന്നറിയിച്ചിട്ടുള്ള ഈ സംവിധാനം പൂർണമായി ഇൻസ്റ്റാൾ ചെയ്യപ്പെടുന്നതോടെ ഉപഭോക്താക്കളുടെ വിവരങ്ങൾ, മാലിന്യ നീക്കം, മാലിന്യ സംസ്കരണ നടപടികൾ, സർവീസ് നടത്തുമ്പോൾ പരാതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തൽ, യൂസർ ഫീ വിവരങ്ങൾ എന്നിവ ലഭ്യമാകുമെന്നാണ് സർവീസ് പ്രൊവൈഡറായ കെൽട്രോൺ അറിയിച്ചിട്ടുള്ളത്. പരിശീലന ഘട്ടം കഴിഞ്ഞ് ക്യൂആർ കോഡ് സ്ഥാപിക്കുന്ന ഘട്ടത്തിലാണ് പദ്ധതി. പരീക്ഷണാടിസ്ഥാനത്തിൽ ഒരു വാർഡിൽ മാത്രം സ്ഥാപിച്ച ക്യൂആർ കോഡ് ഇനി മുഴുവൻ വാർഡുകളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. ഹരിതകർമസേനയ്ക്കും ഗ്രാമപഞ്ചായത്തിനും പൊതുജനങ്ങൾക്കും ഒരുപോലെ സഹായകമാകുന്ന, മാലിന്യപരിപാലന സംവിധാനത്തിന്റെ എല്ലാ ഘട്ടങ്ങളും തൽക്ഷണം നിരീക്ഷണവിധേയമാക്കുവാൻ കഴിയുന്ന ഈ പ്രോജക്ടിന്റെ തുടർ നടപടികൾ സമയബന്ധിതമായി നടപ്പാക്കി പദ്ധതി പൂർത്തീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-15 മരണപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറും പഞ്ചായത്തിലെ മരണ റിപ്പോർട്ട് രജിസ്റ്ററും പരിശോധിച്ചപ്പോൾ, ചുവടെ സൂചിപ്പിക്കുന്ന വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| നം | ഗുണഭോക്താവിന്റെ പേര് (ബാങ്ക്, അക്കൌണ്ട് നം) | പെൻഷൻ ഐ.ഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| 1 | രാഘവൻ പി.കെ പ്ലാന്തോട്ടത്തുകുന്നേൽ | 106740201390 | 27.12.20 | 1/2021 | 1500 |

| | | | | | |
|---|---|---|---|---|---|
| | കാഞ്ഞിരമറ്റം (UBI-670402010004383) | | | | |
| 2 | പുരുഷോത്തമൻ നായർ, കൊല്ലപ്പറമ്പിൽ (UBI-670402120000405) | 106740200107 | 11.01.21 | 2/2021 5/2021 | 1500 X 2 + 1600X 2 =6200 |
| ആകെ | | | | | 7700 |

2 ഗുണഭോക്താക്കൾക്ക് അനർഹമായ കാലയളവിലേയ്ക്ക് അനുവദിച്ച 7700/-രൂപയുടെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. സേവനയിൽ ഇവരുടെ സ്റ്റാറ്റസ് സസ്പെന്റഡ് എന്നാണ് കാണുന്നതെങ്കിലും തുക അക്കൌണ്ടിൽ നിക്ഷേപിക്കപ്പെടുകയാണുണ്ടായത്. ധനകാര്യ വകുപ്പിന്റെ 05.11.2020 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സസ്പെന്റ് ചെയ്ത ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് 7700/-രൂപ കൈമാറിയതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.25/19.09.2022)നൽകിയതിന് ബന്ധപ്പെട്ട ബാങ്കുകൾ പ്രസ്തുത തുക തിരികെ അടവാക്കിയെന്നറിയിച്ചു. എന്നാൽ ഗുണഭോക്താക്കളുടെ പേര് വിവരമടങ്ങുന്ന യുടിആർ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല. മേൽ പെൻഷൻ തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൌണ്ടിലേയ്ക്ക് (001101023000269) അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-16 കറവപ്പശുക്കൾക്ക് കാലിത്തീറ്റ -കൈകാര്യചെലവ് ലഭ്യമായില്ല

| പദ്ധതി | വകയിരുത്തിയ തുക | ചെലവ്(ചെക്ക് നം,ബിൽ നം/തീയതി) |
|---|---|---|
| കറവപ്പശുക്കൾക്ക് കാലിത്തീറ്റ, 103/22 | 800000/-<br>വികസന ഫണ്ട്-400000/-<br>ഗുണഭോക്തൃ വിഹിതം-400000/- | ആകെ – 799020/-<br>വികസന ഫണ്ട്-399510/-<br>1)164025/-,21110652009601002873/24.01.22<br>2)194400/-,21110652009601122297/14.02.22<br>3)41085/-,21110652009601299667/11.03.22<br>ഗുണഭോക്തൃ വിഹിതം-399510/-<br>4)358425-ഗുണഭോക്തൃവിഹിതം<br>5)41085-ഗുണഭോക്തൃവിഹിതം |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം കേരള ഫീഡ്സ്, കല്ലേറ്റുംകര, തൃശ്ശൂർ എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും 50 കിലോ വരുന്ന 656ചാക്ക് മിട്ടക്കി പെല്ലറ്റ് കാലിത്തീറ്റ വാങ്ങി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി കാലിത്തീറ്റ വാങ്ങിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് | തീയതി | ബാഗ് | തുക |
|---|---|---|---|---|
| 1 | KFLP1-21/22-045301 | 14.01.22 | 152 | 184680 |
| 2 | " -045300 | 14.01.22 | 76 | 92340 |
| 3 | " -045299 | 14.01.22 | 42 | 51030 |
| 4 | " -048985 | 02.02.22 | 54 | 65610 |
| 5 | " -048987 | 02.02.22 | 84 | 102060 |
| 6 | " -046996 | 02.02.22 | 182 | 221130 |
| 7 | " -054413 | 04.03.22 | 66 | 82170 |
| | | | 656 | 799020 |

കേരള ഫീഡ്സിൽ നിന്നുള്ള അറിയിപ്പ് പ്രകാരം (07.01.2022 തീയതിയിലെ KFL/430/99III /320/22നമ്പർ കത്തിലെ വ്യവസ്ഥ-9(i) കാലിത്തീറ്റ ചാക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ചെലവായി ഓരോ ചാക്കിനും 30/-രൂപ വീതം നിർവഹണോദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ആമ്പല്ലൂർ വെറ്ററിനറി ഡിസ്പെൻസറിക്ക് അർഹമായ 19680/-രൂപ (656x30) കേരള ഫീഡ്സിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിന് എൻക്വയറി നൽകിയതിന് ആയത് ലഭ്യമാകുന്നതിലേയ്ക്ക് കേരള ഫീഡ്സിന് കത്ത് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കി. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 സ്ട്രെങ്ങ്തനിംഗ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ് പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | സ്ട്രെങ്ങ്തനിംഗ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ്, 217/22 |

| | | |
|---|---|---|
| അടങ്കൽ | 20000/- (വികസന ഫണ്ട് ) | |
| ചെലവ് | 20000/- | |
| | ബിൽ നം- 310/21.12.21 | |

ജില്ല-ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായ "സ്വന്തം"ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വിഹിതം കൈമാറുന്നതിലേയ്ക്കാണ് മെഡിക്കൽ ഓഫീസർ (സി.എച്ച്.സി കീച്ചേരി) നിർവഹണോദ്യോഗസ്ഥനായി മേൽ പ്രോജക്റ്റ് ആവിഷ്കരിച്ചത്. പദ്ധതി പൂർത്തിയായതിന്റെ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് എൻക്വയറി (നം-20/19.09.22) നൽകിയതിന് മറുപടി ലഭ്യമായില്ല. ജില്ല പഞ്ചായത്തിൽ നിന്നും പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തടസപ്പെടുത്തുന്നു.

1-18 ഡയാലിസിസ് പദ്ധതി- വിഹിതം കൈമാറിയതിൽ അപാകത

| | |
|---|---|
| പ്രോജക്ട് | നിർദ്ധന ഡയാലിസിസ് രോഗികൾക്ക് ചികിത്സ ധനസഹായം -ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ , 113/22 |
| അടങ്കൽ | 120000/- ( തനത് ഫണ്ട് ) |
| ചെലവ് | 120000/- |
| | ചെക്ക്.നം-LGTSB 5481189/21.01.22 |

ജില്ലാ പഞ്ചായത്തിന്റെ സംയുക്ത പ്രോജക്ടായ "സ്പർശം"ഡയാലിസിസ് തുടർ ചികിത്സ പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വിഹിതം കൈമാറുന്നതിലേയ്ക്കാണ് മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,കീച്ചേരി) നിർവഹണോദ്യോഗസ്ഥനായി മേൽ പ്രോജക്റ്റ് ആവിഷ്കരിച്ചത്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1)ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറണമെന്നറിയിച്ച് കൊണ്ടുള്ള ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ കത്തിനോടൊപ്പമുള്ള (നം-DP-13/1014(1)/21, 01.01.22) സ്റ്റേറ്റ്മെന്റ് പ്രകാരം ആന്തൂർ പഞ്ചായത്ത് കൈമാറേണ്ടത് 76000/-രൂപയാണ്. എന്നാൽ കൈമാറിയത് 120000/-രൂപയാണ്. അധികമായി 44000/-രൂപ കൈമാറിയിട്ടുണ്ട്. ഇപ്രകാരം തുക കൈമാറിയതിനെ സാധൂകരിക്കുന്ന രേഖ ലഭ്യമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-18/19.09.22 ) മറുപടി ലഭ്യമാക്കിയില്ല.

2)പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

അധികമായി തുക കൈമാറിയതിന് വിശദീകരണം നൽകാത്തതിനാലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാലും പദ്ധതിയ്ക്കായി ചെലവഴിച്ച 120000/-രൂപ തടസ്സപ്പെടുത്തുന്നു.

1-19 മരുന്ന് പൂർണമായി ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | 3,00,000/- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| ചെലവ് (ബിൽ നം,തീയതി) | 3,00,000/- BRN-21110652013700567633/27.10.21 |

ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 14.07.2021 തീയതിയിലെ പ്രൊഫോർമ ഇൻവോയിസ് (നം-PF-276) അനുസരിച്ച് 3,00,000/-രൂപ ഹോംകോയ്ക്ക് മുൻകൂറായി നൽകിയെങ്കിലും 2,21,592/-രൂപയുടെ മരുന്നുകളാണ് (1,20,340+1,01,252) ലഭ്യമായത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് എൻക്വയറി (നം-5/17.09.22) നൽകിയതിന് ബാക്കി മരുന്ന് ലഭ്യമാകുന്നതിലേയ്ക്ക് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ച്. അവശേഷിക്കുന്ന മരുന്ന് ലഭ്യമാകുന്നത് വരെ 78408/-രൂപ തടസ്സപ്പെടുത്തുന്നു.

1-20 സാന്ത്വന പരിചരണം (പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ)

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് കെയർ, 2/22 |
| അടങ്കൽ | 9,00,000/- (വികസന ഫണ്ട് ) |

| | |
|---|---|
| ചെലവ് | 9,00,000/- |
| തുക – ബിൽ നം/തീയതി | 1)28591--211106500138000081859/25.05.21<br>2)65222- 211106500138000120846/14.06.21<br>3)44651-211106500138000185479/08.07.21<br>4)109620-211106500138000258349/02.08.21<br>5)42350-211106500138000384391/07.09.21<br>6)143687-211106500138000550253/11.10..21<br>7)55596-211106500138000633150/10.11..21<br>8)40861-211106500138000746241/06.12.21<br>9)137684-211106500138000921213/11.01.22<br>10)40270-211106500138001070150/07.02.22<br>11)151752-211106500138001233122/03.03.22<br>12)39716-211106500138001522608/30.03.22 |

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കീച്ചേരി) നിർവഹണം നടത്തിയ മേൽ പ്രോജക്ട് പരിശോധിച്ചതിലെ അപാകതകൾ താഴെപ്പറയുന്നു.
എ) ചെലവ് തുകകൾ അതാത് ബെനിഫിഷ്യറിയ്ക്ക് അനുവദിക്കുന്നില്ല – ബിൽ നം.7പ്രകാരം 39840/-രൂപ പാലിയേറ്റീവ് നഴ്സായ ആഷയുടെ അക്കൌണ്ടിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ പാലിയേറ്റീവ് വാഹനവുമായി ബന്ധപ്പെട്ട ചെലവ് തുകകളും ഉൾപ്പെട്ടിരുന്നു(ജി.പി.എസ്-HAS Technology-7000/-,സർവീസ്-Indus Service-4670/-, Christ Automobiles-5100). എന്നാൽ ഈ തുകകളൊന്നും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൌണ്ടിലേയ്ക്ക് കൈമാറാതെ നഴ്സിന് അനുവദിക്കുകയാണ് ചെയ്തത്. ജി.പി.എസ് ഘടിപ്പിച്ചതിന് ചെലവായ 7000/-രൂപ HAS Technology കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ ഇല്ല.

ബി) എട്ട് രോഗികളെയെങ്കിലും സന്ദർശിക്കാവുന്ന വിധത്തിലാണ് ഹോം കെയർ സംവിധാനം ക്രമീകരിക്കേണ്ടത് (പാലിയേറ്റീവ് മാർഗരേഖ-ഖ-2.4.1). എന്നാൽ ഹോംകെയർ റിപ്പോർട്ട് ബുക്ക് പരിശോധിച്ചതിൽ അഞ്ച് അല്ലെങ്കിൽ ആറ് രോഗികളെയാണ് ഭൂരിഭാഗം ദിവസങ്ങളിലും ഹോം കെയർ ടീം സന്ദർശിച്ചതായി കാണുന്നത്. വിശദീകരണമാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-19/19.09.22) മറുപടി നൽകിയില്ല.

പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 7000/-രൂപയുടെ കൈപ്പറ്റ് രസീത് HAS Technology ൽ നിന്നും ലഭ്യമാക്കി ഹാജരാക്കേണ്ടതുമാണ്.

## 1-20-1 പാലിയേറ്റീവ് വാഹനം

ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് 2015-16 സാമ്പത്തിക വർഷമാണ്. പാലിയേറ്റീവ് ടീമിന് വേണ്ടിയുള്ള KL 39 K 2174 ാം നമ്പർ വാഹനം (EECO VAN) 04.10.2016 ൽ സി.എച്ച്.സിയ്ക്ക് കൈമാറിയതായി പി.എം.സി മിനിറ്റ്സ് ബുക്കിൽ കാണുന്നു. ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിന്റെ ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയതിന്റെ സാക്ഷ്യപത്രം ലഭ്യമായില്ല. മുൻവർഷങ്ങളിലും (2016 മുതൽ) ആയത് നടത്തിയതായി ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച പൊതു മാർഗരേഖ പ്രകാരം ആറുമാസത്തിലൊരിക്കൽ ഇന്ധന ക്ഷമത ടെസ്റ്റ് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്.

ഫിറ്റ്നസ്,ഫ്രീ ടാക്സ് അനുമതി എന്നിവ വാങ്ങുന്നതിലേയ്ക്കായി Baby Auto Consultants എന്ന സ്ഥാപനത്തിന് ബിൽ.നം 11 പ്രകാരം 2150/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആയത് ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ചേർത്തിട്ടില്ല. KL39-K-2174-ാം നമ്പർ പാലിയേറ്റീവ് ആംബുലൻസിന്റെ 2021-22 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഫ്രീ ടാക്സ് അനുമതിയും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-19/19.09.22) മറുപടി നൽകിയില്ല.

## 1-20-2 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റീവ് മാർഗരേഖ പ്രകാരം (ഖണ്ഡിക.2.9.1) പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. എന്നാൽ കമ്മിറ്റി മിനിറ്റ്സ് അനുസരിച്ച് ഓഡിറ്റ് വർഷം ആകെ ഒരു പ്രാവശ്യം മാത്രമാണ് (07.09.2021) പി.എം.സി യോഗം ചേർന്നിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(ഐ.കെ.എം)

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതിയ്ക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ട് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| ഐ കെ എം | ഐ കെ എം വിഹിതം നൽകൽ, 16/22 | 100000/- (വികസന ഫണ്ട് -സാധാരണ വിഹിതം) | 100000/- | 56/ 15.06.2021 |

മേൽ അപാകത വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.03/14.09.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ 100000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(കേരളാ വാട്ടർ അതോറിട്ടി)

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ട് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിട്ടി, മൂവാറ്റുപുഴ | വിവിധ വാർഡുകളിലെ കാലഹരണപ്പെട്ട പൈപ്പ് ലൈൻ മാറ്റൽ,136/22 | 200,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 2,00,000/- | 402/ 04.02.2022 |
| കേരളാ വാട്ടർ അതോറിട്ടി,മൂവാറ്റുപുഴ | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, 134/22 | 16,27,500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 16,27,500/- | 401/ 04.02.2022 |
| കേരളാ വാട്ടർ അതോറിട്ടി, മൂവാറ്റുപുഴ | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, 259/22 | 20,24,668/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 20,24,600/- | 583/ 24.03.22 |
| | | ആകെ | 38,52,100/- | |

മേൽ അപാകത വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.03/14.09.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ 38,52,100/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 വിവിധ വാർഡുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കൽ-ആദായ നികുതി ഈടാക്കിയതിലെ കുറവ്

| | |
|---|---|
| പ്രോജക്ട് | വിവിധ വാർഡുകളിൽ പുതിയ വഴി വിളക്കുകൾ സ്ഥാപിയ്ക്കൽ, 137/22 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 16,37,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരം | 1636874/-<br>(1)1131434/-(ബിൽ നം.തീയതി-363/17.01.22<br>(2)505440/-(ബിൽ നം.തീയതി-514/14.03.22 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പുതിയ വഴി വിളക്കുകൾ(24watts എൽ.ഇ.ഡി ലൈറ്റുകൾ) സ്ഥാപിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിൽ 7

സ്ഥാപനങ്ങൾ പങ്കെടുക്കുകയും, കുറവ് തുക [ഒരു എൽ.ഇ.ഡി ലൈറ്റിന് (24watts)-സെൻസർ ഉള്ളത് -1085/-, സെൻസറില്ലാത്തത്-890/-] ക്വാട്ട് ചെയ്ത റേഡിയേറ്റോ എംബഡഡ് സിസ്റ്റംസ്,അഹമ്മദാബാദ്,ഗുജറാത്ത് എന്ന സ്ഥാപനത്തിന്റെ ടെണ്ടറിന് പഞ്ചായത്ത് കമ്മിറ്റി 05.10.2021 ലെ 2(1) തീരുമാന പ്രകാരം അംഗീകാരം നൽകുകയും ചെയ്തു. ഇതനുസരിച്ച് പ്രസ്തുത സ്ഥാപനം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതായി അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തുക അനുവദിച്ച് നൽകുകയുണ്ടായി. മേൽ സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കിയപ്പോൾ 1% നിരക്കിലാണ് ഈടാക്കിയത്(1636874x1%=16369/-). ആദായ നികുതി നിയമത്തിലെ സെക്ഷൻ 194(സി)പ്രകാരം സ്ഥാപനത്തിൽ നിന്നും 2% നിരക്കിലാണ് ആദായ നികുതി ഈടാക്കേണ്ടത്. ഈ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.07/16.09.2022)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 194(സി) പ്രകാരം പർച്ചേയ്സുകൾക്ക് ആദായ നികുതി ബാധകമല്ലെന്ന് വിധിച്ചതായും,1972 ലെ പാർട്ണർഷിപ്പ് ആക്ട് പ്രകാരം ഒരു സ്ഥാപനം ഏക വ്യാപാര ഫേം (Sole Trading Firm)ആയാൽ സ്ഥാപനത്തിന്റെ ബാധ്യത വ്യക്തിയുടെ സ്ഥാവര ജംഗമ വസ്തുവിൽ നിന്നും ഈടാക്കാവുന്നതാണെന്ന് വ്യക്തമാക്കുകയുണ്ടായി. കമ്പനിയായി രജിസ്റ്റർ ചെയ്ത സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതില്ലായെന്ന് ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. സാധനങ്ങൾ വാങ്ങി സ്ഥാപിക്കുന്ന പ്രവൃത്തി ആയതിനാൽ, പർച്ചേസിന് ആദായനികുതി ബാധകമല്ല എന്ന വാദം നിലനിൽക്കുന്നതല്ല. ആയതിനാൽ ആദായ നികുതി നിയമത്തിലെ സെക്ഷൻ 194(സി)പ്രകാരം സ്ഥാപനത്തിൽ നിന്നും ഈടാക്കിയതിൽ കുറവ് വന്ന തുക (1636874x2%=32737-16369=16368/-) റേഡിയേറ്റോ എംബഡഡ് സിസ്റ്റംസ്, അഹമ്മദാബാദ്,ഗുജറാത്ത് എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-24 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - ബാക്കി തുക തിരിച്ചടക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 61/21-22 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ. |
| അടങ്കൽ | 150000/- |
| ചെലവ് | 140825/- |
| ബിൽ നം&തീയതി | BRN-9800493580/7-10-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ടി പ്രോജക്ട് പ്രകാരം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനായി (5 വിദ്യാർത്ഥികൾക്ക്) 5 ലാപ്ടോപ്പുകൾക്ക് 140825/-രൂപ കെൽട്രോണിലേക്ക് അടവാക്കിയിട്ടുള്ളതാണ്. എന്നാൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിക്കാതിരുന്നതിനാൽ സി.പി.ആർ.സി.എസ്.ഹെൽപ് ഡെസ്കിൽ ബന്ധപ്പെട്ടപ്പോൾ ലാപ്ടോപ്പിന് വേണ്ടി വർക്ക് ഓർഡർ കെൽട്രോൺ സ്വീകരിക്കുന്നില്ലായെന്ന് അറിയാൻ കഴിഞ്ഞുവെന്നും കെൽട്രോണിലേക്ക് അടവാക്കിയ തുക തിരികെ നല്കണമെന്ന് സെക്രട്ടറി 11-11-21 ൽ കത്ത് നം. 100(ICDS)/2017 മുഖേന അറിയിക്കുകയും അതുപ്രകാരം തുക തിരികെ ലഭിക്കുകയും ചെയ്തു. പിന്നീട് GEM നിന്ന് 3 ലാപ്ടോപ്പുകൾ 139995/-രൂപ യ്ക്ക് ഇൻവോയിസ് നം.SS-537/14-3-22പ്രകാരം ലഭിക്കുകയും 3 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ചെലവ് തുകയായ 140825/-രൂപയിൽ 139995/-രൂപയാണ് GEM ലേക്ക് നല്കിയത് ബാക്കി തുകയായ 830/- രൂപ തിരികെ ബന്ധപ്പെട്ട ഫണ്ടിലേക്ക് അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-25 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം -സാമ്പിൾ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2021-22വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി “സ്മാർട്ട് പ്ലസ്, അമൃതം യൂണിറ്റ്, എടയ്ക്കാട്ടുവയൽ,” എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. 2021-22വർഷത്തിലെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടതിൻ പ്രകാരം

(29/20-9-22) 28-1-2019ലെ സാമ്പിൾ റിപ്പോർട്ട് ആണ് ഹാജരാക്കിയത്. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കിയതായി കാണുന്നില്ല. അതിനാൽ തന്നെ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട് നിറവേറ്റപ്പെടുന്നുമില്ല. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

മേൽ നിഷ്കർഷിച്ചിട്ടുള്ള ഉത്തരവുകൾക്കും പരിശോധനകൾക്കും വിധേയമായി പോഷകാംശം നിറഞ്ഞതും മാലിന്യ മുക്തവുമായ ഭക്ഷ്യമിശ്രിതം അങ്കണവാടി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. 2021-22 വർഷത്തിലെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-26 ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് തയ്യാറാക്കാനും സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമാക്കി സൂക്ഷിക്കാനും നിർദ്ദേശമുണ്ട്. 17.08.16ലെ 2465/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശമുണ്ട്. ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിച്ച് ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-27 ലൈഫ് പദ്ധതി

പഞ്ചായത്തിൽ ലൈഫ് പദ്ധതി നടപ്പാക്കുന്നതിലേയ്ക്ക് താഴെപ്പറയും പ്രകാരം 5 പ്രോജക്ടുകൾ നിർവഹണോദ്യോഗസ്ഥനായ വി.ഇ.ഒ. (ആമ്പല്ലൂർ സർക്കിൾ) 2021-22 വർഷം നടപ്പാക്കിയിട്ടുണ്ട്.

| | പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | ലൈഫ് ഭവനപദ്ധതി, 15/22 | 1000000 | 800000 |
| 2 | ലൈഫ് ഭവനപദ്ധതി എസ്.സി 219/22(so) | 14410000 | 7628000 |
| 3 | ലൈഫ് ഭവനപദ്ധതി ഫിഷറീസ് 149/22(so) | 2230721 | 1216721 |
| 4 | ലൈഫ് ഭവനപദ്ധതി 144/22 (So) | 15267764 | 2070000 |
| 5 | ലൈഫ് ഭവനപദ്ധതി എസ്.സി 193/22(so) | 1050000 | 250000 |

ലൈഫ് പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾ പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. നിലവിൽ മൂന്നാം ഘട്ടമാണ് നടന്നുകൊണ്ടിരിക്കുന്നത്. ലൈഫ് (ജനറൽ), ലൈഫ് എസ്.സി , ലൈഫ് എസ്.സി (അഡീഷണൽ), ലൈഫ് ഫിഷറീസ് എന്നിങ്ങനെ നാല് വിഭാഗങ്ങളിലായാണ് പ്രോജക്ട് നടപ്പിലാക്കുന്നത്. ലൈഫ് എസ്.സി, ഫിഷറീസ് എന്നിവയിലെ എല്ലാ ഗുണഭോക്താക്കളും ഭവനനിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. അഡീഷണൽ, ജനറൽ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതും കരാർ ചമച്ച് അഡ്വാൻസ് തുക കൈപ്പറ്റാത്തതും വിവിധ ഗഡുക്കൾ കൈപ്പറ്റി നിലവിലും നിർമാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിഭാഗം | |
|---|---|
| ലൈഫ് (ജനറൽ) | ലൈഫ് എസ്.സി (അഡീഷണൽ) |
| കരാർ ചമച്ച ആകെ ഗുണഭോക്താക്കൾ-24<br>നിർമാണം പൂർത്തിയാക്കിയവർ-17<br>ബാക്കി-7 | കരാർ ചമച്ച ആകെ ഗുണഭോക്താക്കൾ-38<br>നിർമാണം പൂർത്തിയാക്കിയവർ-23<br>ബാക്കി-15 |
| 1)ഓമന ആന്റണി<br>2)കുഞ്ഞമ്മിണി ജോസഫ്<br>3)ഏലമ്മ ആന്റണി<br>4)ആശ.പി.വി<br>5)തങ്കമ്മ ചന്ദ്രൻ<br>6)ഗ്രേസി കീച്ചേരി<br>7)സുപ്രഭ മുണ്ടംപറമ്പിൽ | 1)ശരത് മനക്കാഴത്ത്<br>2)ജഗദമ്മ രാജു, മൂലേപ്പാടത്ത്<br>3)വിലാസിനി താണിച്ചുവട്ടിൽ<br>4)കുട്ടി.കെ.കെ ലക്ഷം വീട്<br>5)അനിതമോൾ കാവൽക്കരി<br>6)രമണൻ പാറക്കരിയിൽ<br>7)പ്രിയങ്ക പാലക്കോട്ടു വടക്കും തലയിൽ<br>8)വിജു.ഇ.എ ഇളക്കണ്ണം<br>9)രജനി ആഞ്ഞിലിത്തറയിൽ<br>10)അജിത മോഹൻ, വലിയവെളിയിൽ<br>11)ആശ കെ ആർ തെക്കേപറമ്പിൽ<br>12)റാണി മുട്ടത്തിൽ<br>13)രാജമ്മ തടത്തിൽ<br>14)വേലപ്പൻ നടുപ്പത്തടിയിൽ |

| | 15)ഓമന പടിഞ്ഞാറേമഞ്ചാടിത്തറ |
|---|---|

മേൽപ്പറഞ്ഞവരിൽ ജനറൽ വിഭാഗത്തിൽ സുപ്രഭ മുണ്ടംപറമ്പിൽ എന്ന ഗുണഭോക്താവ് അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും (12.10.2020) അടുത്തഘട്ടം ആരംഭിച്ചിട്ടില്ല. ഗ്രേസി, തങ്കമ്മ എന്നിവർ തറനിരപ്പിലും മറ്റുള്ളവർ മേൽക്കൂര വരെയുമുള്ള ഘട്ടത്തിലെത്തിയിട്ടുണ്ട്. അഡീഷണൽ വിഭാഗത്തിൽ ക്രമ നം 1 മുതൽ 6വരെയുള്ളവർ മേൽക്കൂര വരെ നിർമിച്ചിട്ടുണ്ട്. ക്രമ.നം 7 ലിന്റെലും ബാക്കിയുള്ള 8 പേർ കരാർ ചമച്ചെങ്കിലും വിവിധ കാരണങ്ങളാൽ അഡ്വാൻസ് തുക കൈപ്പറ്റി നിർമാണം ആരംഭിച്ചിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### 1-28 ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക തിരിച്ചടച്ചതിന്റെ വിവരം

1. ജി.എസ്.ടി. ഇനത്തിൽ കുറവ് വന്ന 21955/-രൂപ തിരികെ അടച്ചു

എൻ.ആർ.ഇ.ജി.എസ്. സാധനസാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന നികുതികൾ കുറവ് ചെയ്യാതിരുന്നതിനാൽ കരാറുകാർക്ക് അധികം നൽകിയ 21958/-രൂപ കരാറുകാരിൽ നിന്ന് തിരികെ ഈടാക്കി. (ഓഡിറ്റ് എൻക്വയറി നം. 01 തീയതി 14.09.2022).

| ക്രമ നം | രസീത് നം / തീയതി | തുക |
|---|---|---|
| 1 | 1220102082/19.09.2022 | 7854 |
| 2 | 1220102083/19.09.2022 | 6298 |
| 3 | 1220102084/19.09.2022 | 7806 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവായ തുക (₹) | ബാക്കി |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2021-22 | 10373 | കുലയറ്റിക്കര കമ്മ്യൂണിറ്റിഹാൾ നവീകരണം | 0 | 10373 |
| 2 | | | 308500 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , 39/22 | 308500 | 0 |
| 3 | | | 74600 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, | 74,600 | 0 |

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്റ്റിന്റെ പേര്, നമ്പർ | ചെലവായ തുക (₹) | ബാക്കി |
|---|---|---|---|---|---|---|
| 4 | | | 679830 | നെൽകൃഷി വികസനം, 68/22 | 679830 | 0 |
| 5 | | | 160000 | ലൈഫ് ഭവനപദ്ധതി ജനറൽ (SO) 144/22 | 160000 | 0 |
| 6 | | | 1320000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) (SO), 219/22 | 1320000 | 0 |
| 7 | | | 800000 | ലൈഫ് ഭവനപദ്ധതി ഫിഷറീസ് (SO), 149/22 | 800000 | 0 |
| 8 | | | 40000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) (SO) 193/22 | 40000 | 0 |
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 550000 | ലൈഫ് ഭവനപദ്ധതി ജനറൽ (SO) 144/22 | 550000 | 0 |
| 2 | | | 1218000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) 219/22 | 1218000 | 0 |
| 3 | | | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| 4 | | | 60000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) (SO) 193/22 | 60000 | 0 |
| 5 | | | 16721 | ലൈഫ് ഭവനപദ്ധതി ഫിഷറീസ് (SO)149/22 | 16721 | 0 |
| 6 | | | 226600 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 39/22 | 226600 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ | 401/04.02.22 | 1627500 | 0 | 1627500 |
| | വിവിധ വാർഡുകളിലെ കാലഹരണപ്പെട്ട പൈപ്പ് ലൈൻ മാറ്റൽ | 402/04.02.22 | 200000 | 0 | 200000 |
| | വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ മൂന്നാം ഘട്ടം | 583/24.03.22 | 2024600 | 0 | 2024600 |

ഓഡിറ്റ് വർഷം ജല അതോറിറ്റിയിൽ 7068609/-രൂപ ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട് (B- 18 ഷെഡ്യൂൾ, ഹെഡ്-460500201).

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി, (ഹഡ്കോ) | സ.ഉ.(സാ). 68/18/ധന. തീ.18.05.18 | 1060000 | 7086000 | *1818667 | 0 | 5267333 |

** Go Project
1) 222/22- 176000/-രൂപ, ലൈഫ് വായ്പ ജനറൽ

2) 224/22- 425333/-രൂപ, ലൈഫ് വായ്പ ജനറൽ
3) 247/22- 1056001/-രൂപ, ലൈഫ് വായ്പ ജനറൽ
4) 262/22- 44000/-രൂപ, ലൈഫ് വായ്പ എസ്.സി
5) 263/22- 117333/-രൂപ, ലൈഫ് വായ്പ എസ്.സി

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1519414 |
| തൻവർഷം നിക്ഷേപിച്ച തുക | 105465 |
| ആകെ | 1624879 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1624879 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD8686/16, കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 658615 |
| 15720/11, കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 467700 |
| എറണാകുളം ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് 014385000000003/19.06.17 | 498564 |
| ആകെ | 1624879 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81461533.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77392539.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4506505 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 335997 | ശ്രീമതി സമീന ബി, സെക്രട്ടറി,ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-17 | 20000 | ഡോ.സീന എൻ.എസ്., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,കേച്ചേരി |
| 1-18 | 120000 | ഡോ.സീന എൻ.എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,കേച്ചേരി |
| 1-19 | 78408 | ഡോ. സന്ധ്യാമോൾ കെ ബി, മെഡിക്കൽ ഓഫീസർ(ആയുർവേദം) ആമ്പല്ലൂർ ആയുർവേദാശുപത്രി |

| | | |
|---|---|---|
| 1-21 | 100000 | ശ്രീമതി സമീന ബി, സെക്രട്ടറി,ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-22 | 3852100 | ശ്രീമതി സമീന ബി, സെക്രട്ടറി,ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് |
| ആകെ | 45,06,505 | |

(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 16368 | ശ്രീമതി സമീന ബി, സെക്രട്ടറി, |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സീന എൻ.എസ്.<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി.കേച്ചേരി,<br>ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | പ്രണവം, ജനതാറോഡ്,<br>കച്ചേരിപ്പടി നോർത്ത്,<br>നോർത്ത് പറവൂർ 683513 |
| ഡോ.സന്ധ്യാമോൾ കെ ബി,<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ(ആയുർവേദം)<br>ആയുർവേദാശുപത്രി,ആമ്പല്ലൂർ | വീട് നമ്പർ 23A,<br>മിഹിക,ചെട്ടിപ്പറമ്പിൽ ലൈൻ,<br>ചൂരക്കാട്,<br>തൃപ്പൂണിത്തുറ 682301 |
| ശ്രീമതി സമീന ബി,<br>സെക്രട്ടറി | സെക്രട്ടറി,<br>ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | വൈശാഖ്, പാലത്തിങ്കൽ റോഡ്,<br>തിരുവാങ്കുളം – 682305,<br>എറണാകുളം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | P4-38/00,21.10.2000 |
| 2002-2003 | P4 638/04, 05.02.05 |
| 2003-2004 | P6 1262/09, 16.11.10/05.03.11 |
| 2006-2007 | P6 1265/10, 27.11.10 |
| 2007-2008 | P2 1266/09.04.12 |
| 2009-2010 | P6 1671/11, 21.07.12/10.08.12 |
| 2010-2011<br>2011-2012 | P6 813/13, 22.06.13/05.07.13 |
| 2012-2013 | P6 489/14, 17.05.14 |
| 2013-2014,<br>2014-2015 | P6 1987/15, 08.01.16 |
| 2015-2016 | P6 1900/2016, 30.11.16 |
| 2016-2017 | P6 1406/17, 27.07.17/26.09.17 |
| 2017-2018 | P6 632/18, 27.07.17/14.09.18 |
| 2018-2019 | P6 1192/19, 28.09.19 |
| 2019-2020 | P6 1149/2021, 12.11.21 |
| 2020-2021 | P6 1150/2021, 12.11.21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്